(1) സർക്കാർ അനുവാദമില്ലാതെ പാട്ടസ്ഥലം ഉപപാട്ടത്തിനു നൽകുവാനോ പണയപ്പെടുത്തുവാനോ പാടില്ല.

(2) സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിരുന്ന നിരക്കിൽ പാട്ടത്തുക അടയ്ക്കേണ്ടതാണ്.

(3) പാട്ടക്കാലാവധി കഴിഞ്ഞാൽ പാട്ടം ദീർഘിപ്പിക്കുന്നില്ലെങ്കിൽ പാട്ടക്കാരൻ നിരുപാധികം പാട്ടഭൂമി ഒഴിഞ്ഞുപോകേണ്ടതാണ്.

(4) പാട്ടഭൂമിയിൽ നിലവിലുള്ളതും പാട്ടസമയത്ത് പുതുതായി മുളച്ചുവരാവുന്നതുമായ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിനായിരിക്കും.

(ഇ) പാട്ട കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളോട് പാട്ടത്തുക ഉടനെ അടയ്ക്കണമെന്നും അല്ലാത്തപക്ഷം റവന്യൂറിക്കവറി നടപടികൾ കൈക്കൊള്ളുമെന്നും അറിയിച്ചിട്ടുണ്ട്. പാട്ടക്കരാർ വ്യവസ്ഥ പാലിക്കാത്തവരുടെ പാട്ടം റദ്ദാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(എഫ്)കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പേരും അടയ്ക്കാനുള്ള തുകയുടെയും വിശദവിവരങ്ങളുടെ പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.††

(ജി) പാട്ട കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

113 (367) വനം വകുപ്പിന് ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന പദ്ധതി

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ ഏതെല്ലാം പദ്ധതികൾക്കാണ് ലോകബാങ്കിന്റെ സഹായം ലഭിച്ചത്; എന്തു തുകയാണ് ലഭിച്ചത്;

(സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിദേശകൺസൾട്ടന്റുകളെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഓരോ പദ്ധതിക്കും ഏതെല്ലാം കൺസൾട്ടന്റിനെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) കൺസൾട്ടന്റിനെ നിയമിച്ചതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലോകബാങ്കിന്റെ സഹായത്തോടെ വനം വകുപ്പിൽ താഴെ പറയുന്ന രണ്ടു പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(1) കേരളാ ഫോറസ്ട്രി പ്രോജക്ട്

(2) ഇൻഡ്യാ ഇക്കോ ഡവലപ്മെന്റ് പദ്ധതി

അനുബന്ധം V-2

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളാ ഫോറസ്ട്രി പ്രോജക്ടിനും ഇൻഡ്യാ ഇക്കോ ഡവലപ്മെന്റ് പദ്ധതികൾക്കുമാണ് ലോകബാങ്കിന്റെ സഹായം ലഭിച്ചത്. കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുകയായ 182.39 കോടി രൂപയിൽ 152.1 കോടി രൂപയാണ് ലോകബാങ്ക് സഹായമായി ലഭിക്കുന്നത്.

40.54 കോടി രൂപയുടെ പദ്ധതിയാണ് 'ഇൻഡ്യാ ഇക്കോ ഡവലപ്മെന്റ് പ്രോജക്ട്'.

(സി) ഇല്ല.

(ഡി) കൺസൾട്ടന്റുകളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.†

(ഇ) പദ്ധതിയുടെ ഉടമ്പടി പ്രകാരം ലോകബാങ്കിന്റെ രൂപരേഖ അനുസരിച്ച് കൺസൺട്ടന്റുകളെ നിയമിക്കുന്നതിന് വിവിധ സെലക്ഷൻ രീതികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇതനുസരിച്ച് കൺസൾട്ടന്റിന്റെ അടങ്കൽ തുകയും വിഷയവും അനുസരിച്ച് വ്യക്തികളെയോ സ്ഥാപനങ്ങളെയോ ഷോർട്ട് ലിസ്റ്റ് ചെയ്ത് അവരിൽനിന്നും ലോകബാങ്കിന്റെ ഫോർമാറ്റുകളിൽ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ച് അവ വിലയിരുത്താൻ കമ്മിറ്റിയുടെ മുമ്പിൽവച്ച് വിലയിരുത്തി മൂല്യനിർണ്ണയം നടത്തി ക്വാളിഫൈ ചെയ്യുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ കൺസൾട്ടൻസി നൽകി ഉടമ്പടി വയ്ക്കാറുണ്ട്. സെലക്ഷൻ രീതിയും അടങ്കൽ തുകയും ആസ്പദമാക്കി കൺസൾട്ടൻസി നൽകിയതിന്റെ നടപടിക്രമങ്ങൾ വിവിധ ഘട്ടങ്ങളിലായി ലോകബാങ്കിന്റെ അംഗീകാരത്തിനും അയയ്ക്കാറുണ്ട്.

114 (369) കായംകുളത്ത് വനവും ഗതാഗതവും വകുപ്പു മന്ത്രിയുടെ അദാലത്ത്

<u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് വനവും ഗതാഗതവും വകുപ്പുമന്ത്രി അദാലത്ത് നടത്തിയോ;

(ബി) എങ്കിൽ എന്നായിരുന്നു;

(സി) അദാലത്ത് എത്രസമയം നീണ്ടു നിന്നു;

(ഡി) അദാലത്തിൽ മന്ത്രിയോടൊപ്പം പങ്കെടുത്ത ഉദ്യോഗസ്ഥൻമാർ ആരെല്ലാം;

(ഇ) മണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് ഭാരവാഹികൾ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, നഗരസഭാ ഭരണാധികാരികൾ, എം.എൽ.എ, അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ മുഖ്യഭാരവാഹികൾ, വിദ്യാർത്ഥി യുവജന സംഘടനാ ഭാരവാഹികൾ എന്നിങ്ങനെ അദാലത്തിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ നൽകുമോ;

(എഫ്)അദാലത്ത് സംബന്ധിച്ച വിവരം സ്ഥലം എം.എൽ.എ.യെ അറിയിച്ചിരുന്നുവോ; എങ്കിൽ ആരാണ് അറിയിച്ചത്;

(ജി) ഇവിടെ ഒരു അദാലത്ത് കൂടി നടത്താൻ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly